ക്യൂ.ഐ.പി(1)/247365/2021/ഡി.ജി.ഇ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി : 07.09.2021

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം ജി-സ്യൂട്ട് ഉപയോഗിച്ച് ഓൺലൈൻ പഠനം പത്താംക്ലാസിലെ കുട്ടികൾക്ക് തുടർപൈലറ്റ് പദ്ധതി നടത്തുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന: ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 02.09.2021 വൈകിട്ട് 4.30 ന് നടത്തിയ യോഗത്തിന്റെ മിനിറ്റ്സ്.

****

ഡിജിറ്റൽ പഠനത്തിനൊപ്പം സംവാദാത്മക ഓൺലൈൻ ക്ലാസുകളും നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജി-സ്യൂട്ട് സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് തെരഞ്ഞെടുത്ത സ്കൂളുകളിൽ ട്രയൽ, പൈലറ്റ് അടിസ്ഥാനത്തിൽ ക്ലാസുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കൈറ്റ് മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ അധ്യാപക പരിശീലനം പൂർത്തിയാക്കിയാണ് പ്രസ്തുത ക്ലാസുകൾ നിലവിൽ നൽകുന്നത്. സൂചന പ്രകാരം ജി-സ്യൂട്ടിന്റെ തുടർപൈലറ്റ് പ്രവർത്തനം സെപ്റ്റംബർ മാസം പത്താംക്ലാസിലെ കുട്ടികൾക്ക് നൽകേണ്ടതാണന്നും പ്ലസ് ടു കുട്ടികൾക്ക് പ്ലസ് വൺ പൊതുപരീക്ഷക്കുശേഷം ക്ലാസുകൾ നടത്താമെന്നും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കോവിഡ്19 പ്രോട്ടോകോൾ പൂർണ്ണമായും പാലിച്ചുകൊണ്ട് തുടർപൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഓരോ ജില്ലയിലേയും പത്താംക്ലാസിലെ മുഴുവൻ കുട്ടികൾക്കും ജി-സ്യൂട്ട് സംവിധാനം ഉപയോഗിച്ചുള്ള ക്ലാസുകൾ നൽകാൻ സജ്ജമായിട്ടുള്ള സ്കൂളുകളുടെ പട്ടിക അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ സെപ്റ്റംബർ 10 ന് മുമ്പ് തയ്യാറാക്കി നൽകാൻ സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. അതിനാൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ജില്ലയിൽ സജ്ജമായ സ്കൂളുകൾ കണ്ടെത്തി പട്ടിക കൈറ്റ് ജില്ലാ കോർഡിനേറ്റർമാർക്ക് ലഭ്യമാക്കി ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

2. ജി-സ്യൂട്ട് ഉപയോഗിച്ച് ക്ലാസുകൾ കൈകാര്യം ചെയ്യേണ്ടത് കൈറ്റിന്റെ പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകരാണ്. അതിനാൽ അധ്യാപക പരിശീലനത്തിനുശേഷം മാത്രമേ ക്ലാസുകൾ ആരംഭിക്കാവൂ. കൈറ്റ് തയ്യാറാക്കി

ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രസിദ്ധീകരിച്ച മൊഡ്യൂൾ ഉപയോഗിച്ച് സെപ്റ്റംബർ 8 മുതൽ അധ്യാപക പരിശീലന പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

3. വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശിക്കുന്ന സ്കൂളുകളിലെ പത്താംക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ വിശദാംശങ്ങൾ അതത് സ്കൂൾ പ്രഥമാധ്യാപകർ പരിശീലനത്തിനായി ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ (ict.kite.kerala.gov.in/tms/tms2021) രജിസ്റ്റർ ചെയ്യേണ്ടതാണ് (രജി.സ്ട്രേഷൻ സംബന്ധിച്ച യൂസർ ഗൈഡ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). ഇതിനായി സാങ്കേതിക സഹായം ആവശ്യമെങ്കിൽ കൈറ്റിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

4. അധ്യാപക പരിശീലനം അതത് സ്കൂളിലോ കൈറ്റിന്റെ ജില്ലാ ഓഫീസിലോ അനുയോജ്യമായ (മതിയായ ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെ) കേന്ദ്രങ്ങളിലോ ക്രമീകരിക്കേണ്ടതും പരിശീലനം തീരുന്ന മുറക്ക് അതത് സ്കൂളുകളിൽ ഓൺലൈൻ ക്ലാസുകൾ ആരംഭിക്കേണ്ടതുമാണ്.

5. പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ സ്കൂളുകളെ മുൻകൂട്ടി അറിയിക്കേണ്ടതും മുന്നൊരുക്കങ്ങൾക്കായി പരിശീലനത്തിന് തലേദിവസം ആവശ്യമെങ്കിൽ പങ്കെടുക്കേണ്ട അധ്യാപകരുമായി വീഡിയോ കോൺഫറൻസ് മുഖേന ആശയവിനിമയം നടത്തി ക്രമീകരണങ്ങൾ ഒരുക്കേണ്ടതുമാണ്.

6. അധ്യാപകർ പരിശീലന കേന്ദ്രങ്ങളിലേയ്ക്കോ പരിശീലകർ (ഒരു പരിശീലന കേന്ദ്രത്തിന് രണ്ട് പരിശീലകർ) സ്കൂളുകളിലേയ്ക്കോ (സൗകര്യാർത്ഥം) എത്തി പരിശീലനം ക്രമീകരിക്കേണ്ടതാണ്.

7. ജില്ലയിൽ നടപ്പിലാക്കുന്ന ഓൺലൈൻ പഠനത്തിന്റെ മോണിറ്ററിംഗും പഠനപ്രവർത്തനങ്ങളുടെ പുരോഗതിയും, വിശദാംശങ്ങളും ഡയറ്റുകൾ വിലയിരുത്തി പഠനറിപ്പോർട്ട് (Impact Study) തയ്യാറാക്കി സമർപ്പിക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഓരോ ജില്ലയിലും പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർ, ക്ലാസുകൾ ആരംഭിക്കുന്ന സ്കൂളുകൾ എന്നിവയുടെ വിശദാംശങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ നിന്ന് ശേഖരിക്കുന്നതിനും, പഠനം നടത്തി കൃത്യമായി റിപ്പോർട്ട്

സമർപ്പിക്കുന്നതിനും അതത് ഡയറ്റ് പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8. ജി-സ്യൂട്ട് അടിസ്ഥാനമാക്കിയുള്ള അധ്യാപക പരിശീലനം, സ്കൂളുകളിലെ ക്ലാസുകൾ തുടങ്ങിയവ സംബന്ധിച്ച് ആവശ്യമെങ്കിൽ കൈറ്റ് പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
സ്റ്റോക്ക് ഫയൽ